പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4149** **21.07.2015-ൽ മറുപടിക്ക്**

**തിരുവനന്തപുരം നഗരസഭ ചേരി നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. കെ. ബഷീർ** | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം നഗരസഭ ചേരി നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയതിൽ വ്യാപക ക്രമക്കേട് നടന്നിട്ടുള്ളതായ സി. ആന്റ് ഏ.ജി.യുടെ റിപ്പോർട്ടിലെ വെളിപ്പെടുത്തൽ സംബന്ധിച്ച വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. ഡി.പി.ആർ പ്രകാരമുള്ള ഗുണഭോക്തൃ പട്ടികയിലെ ഭൂരിപക്ഷം ആളുകൾക്കും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതാണ് സി & എ.ജി യുടെ കണ്ടെത്തൽ. തിരുവനന്തപുരം നഗരസഭ നടത്തിവരുന്ന ബി.എസ്.യു.പി പദ്ധതി നിർവ്വഹണം പുരോഗമിക്കുമ്പോൾ ഗുണഭോക്താക്കളിൽ ചിലർക്ക് പല കാരണങ്ങളാൽ (മതിയായ രേഖകളുടെ കുറവ്, ധനസഹായത്തിലെ അപര്യാപ്തത, വസ്തു കൈമാറ്റം ചെയ്യേണ്ട ആവശ്യകത) മതിയായ രേഖകൾ ഹാജരാക്കി ധനസഹായം കൈപ്പറ്റാൻ കഴിയാത്ത സ്ഥിതിയുണ്ടാകുകയും ദുർബ്ബല വിഭാഗത്തിൽ പെടുന്നവർ ധാരാളം പേർ ശേഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗുണഭോക്തൃ പട്ടിക പുതുക്കി തയ്യാറാക്കേണ്ടതായി വന്നിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾ ബി.എസ്.യു.പി പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ സാധൂകരണത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചു വരുന്നു. |

(ബി) ഡി.പി ആറിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ എല്ലാം നടപ്പാക്കാതിരുന്നതുമൂലം പ്രയോജനം ലഭിക്കാതായ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ കാര്യത്തിൽ എന്തെങ്കിലും സഹായപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) 2022 വർഷത്തോടു കൂടി 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടു കൂടി കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹൗസിംഗ് ഫോർ ആൾ (അർബൻ) എന്ന പദ്ധതിയുടെ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ സംബന്ധിച്ച റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ